**NOV: 18**

# KGBEU OU ബുള്ളറ്റിൻ 65/2022

സഖാക്കളെ,

നമ്മുടെ ബാങ്കിന്റെ കക്കട്ടിൽ ശാഖയിൽ  സാധാരണ ഗതിയിൽ നടക്കാൻ പാടില്ലാത്ത ഒരു സംഭവം നടന്നിരിക്കുന്നു. 40 വർഷത്തോളം നമ്മുടെ കൂടെ ജോലി ചെയ്ത് റിട്ടയർമെന്റ് വക്കത്ത് നിൽക്കുന്ന ഒരു ജീവനക്കാരനെതിരെ മാനേജർ നൽകിയ വ്യാജ പരാതിയിൽ യാതൊരു അന്വേഷണവും നടത്താതെ മാനേജ്മെന്റ്, ജീവനക്കാരനെ "caution" ചെയ്തിരിക്കുന്നു.

ഇനി കാര്യത്തിലേക്ക് വരാം. വെള്ളിയാഴ്ചകളിൽ ബ്രാഞ്ചിൽ നിന്നും അനുവാദം വാങ്ങി ഈ ജീവനക്കാരൻ പള്ളിയിൽ പോകാറുണ്ട്. ബാങ്കിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ നടക്കുന്ന ഒരു കീഴ്വഴക്കമാണ് അത്. മാനേജർക്കാണെങ്കിൽ പള്ളി എന്ന് കേൾക്കുന്നതേ അലർജി ആണ്. പള്ളിയിൽ പോകാനാണെങ്കിൽ, 10 മിനിറ്റ് പോലും അനുവദിക്കാൻ കഴിയില്ല എന്നും വേണമെങ്കിൽ ലീവ് എടുത്ത് പോകണം എന്നുമാണ് അദ്ദേഹത്തിന്റെ തിട്ടൂരം. ഒടുക്കം, മറ്റു നിവൃത്തിയില്ലാതെ തന്റെ ആരാധനാ സ്വാതന്ത്ര്യത്തിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ചകളിലും ലീവ് എടുക്കാൻ ജീവനക്കാരൻ നിർബന്ധിതനാകുന്നു. ഇത് സംബന്ധിച്ച  റിപ്പോർട്ടിൽ, RM നടത്തിയ അന്വേഷണത്തിൽ രമ്യമായി ഈ പ്രശ്നം പരിഹരിക്കണമെന്നും  ചെറിയ സമയത്തിന്റെ ആവശ്യത്തിന് ലീവ് എടുക്കാതെ കാര്യം നടത്താൻ നിർദേശം കൊടുക്കുകയും ആണുണ്ടായത്. എന്നാൽ, RM ന്റെ നിർദേശം തള്ളിക്കളയുകയും HRMS ൽ enter ചെയ്ത ലീവെല്ലാം ബ്രാഞ്ച് മാനേജർ reject ചെയ്യുകയും ജീവനക്കാരനെ അധിക്ഷേപിക്കുകയുമാണ് ചെയ്തത്. വിഷയം രമ്യമായി പരിഹരിക്കാൻ സംഘടന ഇടപെടുകയും, ഇതിന്റെ ഗൗരവം ബോധ്യപ്പെട്ട മാനേജ്മെന്റിന്റെ ഭാഗമായി, GM പ്രസ്തുത മാനേജരെ വിളിച്ച് നേരത്തെ RM കൊടുത്ത അതെ നിർദേശം ആവർത്തിക്കുകയും GM നോട് മാനേജർ അത് സമ്മതിക്കുകയും ചെയ്തു. എന്നാൽ ജീവനക്കാരൻ ഇത് സംബന്ധിച്ച് ചോദിച്ചപ്പോൾ മാനേജർ വീണ്ടും അയാളെ അധിക്ഷേപിക്കുകയാണ് ഉണ്ടായത്.  തനിക്കെതിരെ മാനേജർ ഉയർത്തിയ ആരോപണങ്ങളെല്ലാം വ്യാജമാണെന്ന് കാര്യ കാരണ സഹിതം ജീവനക്കാരൻ മറുപടി നൽകിയപ്പോൾ അതേക്കുറിച്ച് ഒരന്വേഷണവും നടത്താതെ ഏകപക്ഷീയമായ തീരുമാനം എടുക്കുകയാണ് മാനേജ്മെന്റ് ചെയ്തിരിക്കുന്നത്. ഇത് മാനേജരുടെ ചെയ്തിക്ക് കുടപിടിക്കുക എന്നതാണ്. വളരെ സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടായിരുന്ന ഒരു പ്രദേശത്ത്, ബാങ്കിന് വേണ്ട എല്ലാ സഹായവും ചെയ്തു തന്നിരുന്ന ഒരു വിഭാഗത്തെ ശത്രുപക്ഷത്താക്കിയ മാനേജരുടെ ചെയ്തി ബാങ്കിനെതിരെ വലിയ ചർച്ച ഉണ്ടാക്കാൻ കാരണം ആയിരിക്കുകയാണ്. ഇത് പോലും അന്വേഷിക്കാതെ ഇരയ്ക്കെതിരെ നടപടിയെടുത്ത HR വിംഗ് വലിയ

അപരാധം ആണ് ചെയ്തിരിക്കുന്നത്. ഇരിക്കുന്ന സ്ഥാനത്തിന്റെ മഹത്വം പോലും മനസ്സിലാക്കാതെയുള്ള മാനേജ്മെന്റ് ചെയ്തിക്കെതിരായ ശക്തമായ പ്രതിഷേധം നാം HR ചുമതലയുള്ള GM, CM എന്നിവരെ അറിയിക്കുകയും caution ചെയ്ത ലെറ്റർ പിൻവലിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വരുന്ന എന്ത് പ്രശ്നത്തിനും മാനേജ്മെന്റ് മാത്രമാണ് ഉത്തരവാദികൾ എന്നും അറിയിച്ചിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,
ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ